ദേശാഭിമാനി
06 June 2021

# കേരളതീരത്ത് കടൽക്ഷോഭം വർധിക്കും: വിദഗ്ധർ

**കൊച്ചി**

വരും വർഷങ്ങളിൽ കേരളത്തിന്റെ തീരത്ത് കടൽക്ഷോഭം വർധിക്കുമെന്ന് സമുദ്ര കാലാവസ്ഥാ വിദഗ്ധർ. ലോക പരിസ്ഥിതിദിനത്തോടനുബന്ധിച്ച് സിഎംഎഫ്ആർഐ സംഘടിപ്പിച്ച വെബിനാറിൽ സംസാരിക്കുകയായിരുന്നു അവർ. ഇന്ത്യൻ മഹാസമുദ്രത്തിൽ ചൂട് കൂടുകയും ചുഴലിക്കാറ്റുകൾ രൂപപ്പെടുകയും ചെയ്യുന്നതിനാൽ കടൽ പ്രക്ഷുബ്ധമാകുന്ന അവസ്ഥ കൂടാനാണ് സാധ്യത.

ചുഴലിക്കാറ്റിനെ തുടർന്നുള്ള 'സ്റ്റോം സർജ്' എന്ന പ്രതിഭാസം തീരക്കടലുകളിൽ ഉയർന്ന തിരമാലകളുണ്ടാക്കും. നഷ്ടപ്പെട്ട ജൈവവൈവിധ്യങ്ങളുടെ പുനരുജ്ജീവനമാണ് ദീർഘകാലാടിസ്ഥാനത്തിൽ തീരദേശത്തെ സംരക്ഷിക്കാനുള്ള പ്രകൃതിദത്തമായ പോംവഴി.

മഹാരാഷ്ട്ര വനവികസന കോർപറേഷൻ എംഡി ഡോ. എൻ വാസുദേവൻ മുഖ്യാതിഥിയായി. കിഴക്കൻ മേഖലാ ഫോറസ്റ്റ് ചീഫ് കൺസർവേറ്റർ പി പി പ്രമോദ്, എം എസ് സ്വാമിനാഥൻ റിസർച്ച് ഫൗണ്ടേഷൻ കോസ്റ്റൽ റിസർച്ച് പ്രോഗ്രാം ഡയറക്ടർ ഡോ. ആർ രാമസുബ്രഹ്മണ്യൻ, സിഎംഎഫ്ആർഐ ഡയറക്ടർ ഡോ. എ ഗോപാലകൃഷ്ണൻ, ഡോ. പി കലാധരൻ, സാർക് സീനിയർ പ്രോഗ്രാം സ്പെഷ്യലിസ്റ്റ് ഡോ. ഗ്രിൻസൻ ജോർജ്, ഡോ. പി വിനോദ്, ഡോ. രതീഷ്കുമാർ എന്നിവർ സംസാരിച്ചു.